# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കാണക്കാരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എകെടിഎംപി4/2281/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 03/12/2022
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാണക്കാരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കാണക്കാരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാണക്കാരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എകെടിഎംപി4/2281/22 തീയ്യതി: 03/12/2022

## കോട്ടയം ജില്ലയിലെ കാണക്കാരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ കാണക്കാരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-09-2021 മുതൽ 30-09-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 01-11-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. സി ആർ ബീനാകുമാരി | ഡെപ്യൂട്ടി ഡയറക്ടർ | 25-10-2022 | 01-11-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 25-10-2022 | 01-11-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സുധ ജേക്കബ്, ഓഡിറ്റ് ഓഫീസർ
അമ്പിളി എം, അസിസ്റ്റൻറ് ഓഡിറ്റ് ഓഫീസർ
അമ്പിളി യു, സീനിയർ ഗ്രേഡ് ഓഡിറ്റർ
ആൽബിൻ സിറിയക്, സീനിയർ ഗ്രേഡ് ഓഡിറ്റർ
കൃഷ്ണപ്രിയ എസ്. ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. മിനു മനോജ് | പ്രസിഡന്റ് | 01-04-2021 | 17-03-2022 |
| ശ്രീമതി. ശ്രീജ ഷിബു | പ്രസിഡന്റ് | 18-03-2022 | 31-03-2022 |
| ശ്രീ. ബെന്നി ജേക്കബ് | സെക്രട്ടറി | 01-04-2021 | 28-12-2021 |
| ശ്രീമതി. ബിന്ദു എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 29-12-2021 | 02-01-2022 |
| ശ്രീമതി. എം എസ് ഷൈനി | സെക്രട്ടറി | 03-01-2022 | 02-02-2022 |
| ശ്രീമതി. ബിന്ദു എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 03-02-2022 | 17-02-2022 |
| ശ്രീമതി. എം എസ് ഷൈനി | സെക്രട്ടറി | 18-02-2022 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ബിന്ദു എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| രജനി സി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ഡോ. വിനീത റ്റി എസ് | മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി | 01-04-2021 | 31-03-2022 |
| ഡോ. സരിത റ്റി കെ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2021 | 31-03-2022 |
| ഡോ. ആൻ റോസ് ടോം | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ഡോ. ജയദേവൻ ഡി | വെറ്ററിനറി സർജൻ | 01-04-2021 | 26-04-2021 |
| ഡോ. ജോർജ് കുര്യൻ | വെറ്ററിനറി സർജൻ | 27-04-2021 | 31-03-2022 |
| ഷിജിന വി എം | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| നിഷ എം | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2021 | 16-11-2021 |
| മിനികുമാരി പി എൻ | ഐ സി ഡി എസ് സൂപ്പർവൈസർ | 17-11-2021 | 23-11-2021 |
| ശ്രീവിദ്യ എൽ | ഐ സി ഡി എസ് സൂപ്പർവൈസർ | 24-11-2021 | 31-03-2022 |
| ശ്രീജ രാധാകൃഷ്ണൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ജാൻസി തോമസ് | ഹെഡ്മിസ്ട്രസ്സ് | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| പ്രേമോൾ ദാസ് | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2021 | 31-03-2022 |
| ഗിരീഷ് കുമാർ കെ റ്റി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 1 | 01-04-2021 | 31-03-2022 |
| സിൻസി ജോസഫ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 2 | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികകണക്കുകളുടെ അവലോകനം | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ. | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണസംവിധാനം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വിവിധ ഫീസുകൾ അടവാക്കൽ - ഓൺലൈൻ വരവുകൾ അക്കൗണ്ടിൽ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുക | 1-11 |
| 12 | ഒരേ റോഡ് തന്നെ വിവിധ രീതികളിൽ വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നു | 1-12 |
| 13 | മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക നിലനിൽക്കുന്നു | 1-13 |
| 14 | ടെറസ് സംരക്ഷണം അധിക റൂഫിംഗ്-പെർമിറ്റ് ഫീസ് ഈടാക്കുന്നില്ല. | 1-14 |
| 15 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 1-15 |
| 16 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 1-16 |
| 17 | ലേലം- അപാകതകൾ | 1-17 |
| 18 | അനർഹമായി കൈപ്പറ്റിയ സാമൂഹ്യ സുരക്ഷാപെൻഷൻ തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. | 1-18 |
| 19 | വെള്ളക്കരം -നാളിതുവരെ സംയുക്തപരിശോധന നടത്തിയിട്ടില്ല. | 1-19 |
| 20 | ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മുറി നിഷ്ക്രിയാസ്തിയായി തുടരുന്നു. | 1-20 |
| 21 | മഴക്കാലപൂർവ്വശുചീകരണം- തനത് ഫണ്ടിൽ ഉൾപ്പെടുത്തി ചെലവഴിച്ച എൻ എച്ച് എം ഫണ്ട് നാളിതുവരെ ലഭ്യമായിട്ടില്ല. | 1-21 |
| 22 | കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ കണ്ടിജൻസി ചെലവുകൾക്കായി വികസന ഫണ്ട് ചെലവഴിച്ചിരിക്കുന്നു. | 1-22 |
| 23 | പ്രോജക്ടുകൾ പൂർത്തീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ് | 1-23 |
| 24 | ഭവന പുനരുദ്ധാരണം- സർക്കാർ ഉദ്യോഗസ്ഥന്റെ കുടുംബത്തിന് ധന സഹായം നൽകിയിരിക്കുന്നു. | 1-24 |
| 25 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണ്ണമായും | 1-25 |

| | | |
|---|---|---|
| | ലഭ്യമായിട്ടില്ല. | |
| 26 | ലൈഫ് പദ്ധതി അവലോകനം. | 1-26 |
| 27 | ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തിക്ക് ധന സഹായം നൽകി | 1-27 |
| 28 | കിണർ ചുറ്റുമതിൽ നിർമ്മാണം പദ്ധതി- ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തികൾക്ക് ധന സഹായം നൽകി. | 1-28 |
| 29 | ചെലവ് തുക കണക്കുകളിൽ ഉൾപ്പെടാത്തത് /നടപടിക്രമങ്ങൾ ശേഷിയ്ക്കുന്നത് | 1-29 |
| 30 | പട്ടികജാതി വിഭാഗത്തിൽ പെട്ട വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് - വിതരണം പൂർത്തിയാക്കിയില്ല | 1-30 |
| 31 | അഗതി രഹിത കേരളം പദ്ധതി- ഭക്ഷണമൊഴികെയുള്ള ഘടകങ്ങൾക്ക് കൂടി ഫണ്ട് ചെലവഴിക്കുക | 1-31 |
| 32 | അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്ന പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കുക. | 1-32 |
| 33 | പ്രോജക്ട് പൂർത്തിയാക്കി വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-33 |
| 34 | വിനിയോഗവിവരം ലഭ്യമാക്കാത്തത്- | 1-34 |
| 35 | കമ്മിറ്റി തീരുമാനങ്ങളിലൻമേലുള്ള തുടർ നടപടി ശേഷിയ്ക്കുന്നത്- | 1-35 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിശദാംശങ്ങൾ | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

| | |
|---|---|
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2021-22 സാമ്പത്തിക വർഷത്തെ ബജറ്റ് 22.01.2021 തീയതിയിലെ XIV/1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. 10.03.2022 തീയതിയിലെ II/1-ാം നം. തീരുമാനപ്രകാരം ബജറ്റ് പുതുക്കി അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവുചെലവ്, യഥാർത്ഥ വരവ് ചെലവ് എന്നിവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രതീക്ഷ | യഥാർത്ഥം |
|---|---|---|
| മുന്നിരിപ്പ് | 44190361.10 | 10963052.00 |
| വരവ് | 206471525.00 | 91897630.00 |
| ആകെ | 250661886.10 | 102860682.00 |
| ചെലവ് | 219766465.00 | 81111739.00 |
| നീക്കിയിരിപ്പ് | 30895421.10 | 21748943.00 |

ബജറ്റ് ഫയൽ കൃത്യമായി പരിപാലിക്കുന്നുണ്ട്. ബജറ്റ് നടപടിക്രമങ്ങൾ പാലിക്കുന്നുണ്ട്. ബജറ്റ് പ്രതീക്ഷിക്കപ്പെട്ടതും യഥാർത്ഥത്തിലുള്ളതുമായി അന്തരം നിലനിൽക്കുന്നു.

### 1-2 വാർഷികകണക്കുകളുടെ അവലോകനം

ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 147644363 രൂപയും ചെലവ് 147340443/- രൂപയും തൻവർഷ ധനമിച്ചം 303920 രൂപയുമാണ്. 31/03/2022-ലെ പഞ്ചായത്തിന്റ ആസ്തിമൂല്യം 70101422 രൂപയും ബാധ്യതകളുടെ മൂല്യം 57581506/- രൂപയും ജനറൽ ഫണ്ട് 12519916 രൂപയുമാണ്. 2021-22 ധനകാര്യ പത്രിക പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപെട്ടു. 01/04/21 മുതൽ 02/09/21 വരെ സാംഖ്യ അക്കൗണ്ടിംഗ് സിസ്റ്റവും, 03/09/21 മുതൽ ഐഎൽജിഎംഎസ് സോഫ്റ്റ് വെയറും ഉപയോഗിച്ചാണ് വാർഷിക കണക്കുകൾ തയ്യാറാക്കിയിരുന്നത്.

1. 31/03/2022 തീയതിയിലെ പഞ്ചായത്തിന്റെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല.
2. പഞ്ചായത്ത് ഫണ്ടിൽ നിലനിൽക്കുന്ന വിവിധ ഡെപ്പോസിറ്റ് തുകകളുടെ മുന്നിരിപ്പ് വിശദാംശം രജിസ്റ്ററിൽ ലഭ്യമല്ല. കൃത്യമായ മുന്നിരിപ്പ് വിശദാംശങ്ങളുടെ അഭാവത്തിൽ കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിന് സാധിച്ചിട്ടില്ല.
3. 26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തിയിട്ടില്ല.
4. 412010101-Capital Work In Progress ശീർഷകത്തിലെ നീക്കിയിരിപ്പ് 342668/- രൂപ നീക്കിയിരിപ്പിന്റെയും കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല.
5. വസ്തുനികുതി ഡിമാന്റ്-കളക്ഷൻ-ബാലൻസ് സഞ്ചയ പ്രകാരമുള്ളത് സാംഖ്യ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.
6. ലേലം ഡി സി ബി വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

7. തൊഴിൽ നികുതി (ജീവനക്കാർ), ഡി & ഒ ലൈസൻസ് എന്നിവയുടെ വരവ് വാർഷിക കണക്കുകളിലും രജിസ്റ്ററിലും വ്യത്യാസപ്പെട്ടിരിക്കുന്നു.

8.വിവിധ സർക്കാർ ഏജൻസികളിലുള്ള തുകകളുടെ നിക്ഷേപം, വിനിയോഗം വിശദാംശങ്ങൾ കൃത്യമായി അക്കൗണ്ട് ചെയ്യപ്പെടാത്തതിനാൽ നിക്ഷേപപ്രവൃത്തികളുടെ യഥാർത്ഥ കണക്ക് B-18

ഷെഡ്യൂളിൽ പ്രതിഫലിക്കുന്നില്ല.

9.തൊഴിലുറപ്പ് പദ്ധതി വാർഷിക കണക്ക് പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നില്ല.

10. 2021-22 ലെ ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ Gross Surplus Of Income Over Expenditure After Prior Period Item 79786 രൂപയാണ്. എന്നാൽ വാർഷിക കണക്കുകൾ AIMS ൽ അപ് ലോഡ് ചെയ്യുമ്പോൾ നെഗറ്റീവ് 79786 രൂപയാണ് കാണിക്കുന്നത്.

11. 02/09/21 ൽ ലോക്കൽ സാംഖ്യയിൽ ജനറേറ്റ് ചെയ്ത ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിലെ 4016458 രൂപ വരുമാന മിച്ചം കാണിച്ചാണ് ഐഎൽജിഎംഎസിൽ പിഡിഇ സബ്മിറ്റ് ചെയ്തിട്ടുള്ളത്. എന്നാൽ 02/09/21 ലെ ഐഎൽജിഎംഎസിൽ Prior Period Item 99700 രൂപ ഉൾപ്പെടെയാണ് വരുമാന മിച്ചം രേഖപ്പെടുത്തുന്നത്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 10963052.00 |
| ഓഡിറ്റ് വർഷത്തെ വരവ് | 91897630.00 |
| ആകെ | 102860682.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 81111739.00 |
| നീക്കിയിരിപ്പ് | 21748943.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1236529.00 |

## 1-4 ഫണ്ട് വിനിയോഗം

കാണക്കാരി ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം എ.സി.ആർ. പ്രകാരമുള്ളതും പട്ടികയിൽ ഉൾപ്പെടുത്തുന്നു.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | ചെലവ് % | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 13436581 | 13436581 | 13271000 | 98.76% | 165581 |
| വികസന ഫണ്ട്-SCP | 0 | 4395100 | 4395100 | 3802182 | 86.51% | 592918 |
| വികസന ഫണ്ട്- TSP | 0 | 138256 | 138256 | 113000 | 81.73% | 25256 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied | 0 | 3022954 | 3022954 | 883519 | 29.22% | 2139435 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied | 0 | 8230240 | 8230240 | 133183 | 1.61% | 8097057 |
| മെയിന്റനൻസ് ഗ്രാന്റ്- | 0 | 15980000 | 15980000 | 11015121 | 68.93% | 4964879 |

| | | | | | | |
|---|---|---|---|---|---|---|
| Road | | | | | | |
| മെയിന്റനൻസ് ഗ്രാന്റ്- Non Road | 0 | 5334208 | 5334208 | 4577355 | 85.81% | 756853 |
| സമ്പൂർണ്ണ ശുചിത്വ പരിപാടി(TSC) | 1405303 | 634527 | 2039830 | 1935412 | - | 104418 |
| ICDS ഫണ്ട് | 391165 | 680571 | 1071736 | 721000 | - | 350736 |
| എസ് എസ് എ | 134640 | 3637 | 138277 | 69913 | - | 68364 |

31.03.2022 ൽ കൃഷി ഓഫീസറുടെ പ്രോജക്ടിനായി ചെലവഴിച്ച 165581/- (25617+120000) രൂപ ACR ൽ ചെലവായി രേഖപ്പെടുത്തപ്പെട്ടെങ്കിലും 22-23 ലാണ് യഥാർത്ഥത്തിൽ ചെലവഴിച്ചത്. വികസന ഫണ്ടിന്റെ അലോട്ട്മെന്റ് പ്രകാരമുള്ള യഥാർത്ഥ ഗ്രാന്റും ACR/ഗ്രാന്റ് പത്രിക പ്രകാരമുള്ള അലോട്ട്മെന്റും തമ്മിലുള്ള വ്യത്യാസം KURDFC വായ്പ തിരിച്ചടവ്, അങ്കണവാടി ഹോണറേറിയം ഇനങ്ങളിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുകകളാണ്. വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നിവയിൽ ബജറ്റ് അലോട്ട്മെന്റിന് പുറമേ 31/03/2022 ലെ സ.ഉ.(സാധാ) നം.2617/2022/ധന പ്രകാരം അധിക അലോട്ട്മെന്റ് മുൻവർഷത്തെ ചെലവഴിക്കാതെ ലാപ്സായ തുക ക്യാരി ഓവറായി ലഭിച്ചിട്ടുണ്ട്. കൂടാതെ മെയിന്റനൻസ് ഗ്രാന്റ്-Non Road ഫണ്ടിൽ നിന്ന് വോട്ടിങ്ങ് മെഷീൻ ചാർജായി 2020-21 വർഷം കുറവു ചെയ്ത തുക 36208 രൂപ തൻവർഷം 24/02/2022-ലെ സ.ഉ.(സാധാ) നം.1276/2022/ധന പ്രകാരം പ്രത്യേക അലോട്ട്മെന്റായി ലഭിച്ചിട്ടുണ്ട്.

ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഫണ്ടുകളിൽ ബജറ്റ് അലോട്ട്മെന്റിൽ അധികമായി 07/10/2021 ലെ G.O.(Rt) No.6591/2021/Fin പ്രകാരം മുൻവർഷം ലാപ്സായ തുക അധിക അലോട്ട്മെന്റായി ലഭിച്ചിട്ടുണ്ട്.

വിവിധ ഗ്രാന്റുകളുടെ അലോട്ട്മെന്റ്, ചെലവ് എന്നിവ അക്കൗണ്ട് ചെയ്തതിലെയും ജി.ഒ. പ്രോജക്ടുകൾ ക്രമീകരിച്ചതിലെയും അപാകതകൾ താഴെ ചേർക്കുന്നു.

- ഗ്രാന്റ് പത്രികയിൽ വിവിധ സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റ് സ്രോതസ്സിൽ കുറവ് ചെയ്ത തുക ഉൾപ്പെട്ടിട്ടില്ല.
- ഗ്രാന്റ് പത്രിക പ്രകാരമുള്ള മേഖലാടിസ്ഥാനത്തിലുള്ള ചെലവ് കണക്കുകൾ സുലേഖ ചെലവ് പത്രികയിലെ ചെലവ് കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
- പ്രോജക്ട് നം 119/22 ഹോമിയോ ആശുപത്രി കെട്ടിട നിർമ്മാണത്തിനായി ലഭിച്ച ജില്ലാ പഞ്ചായത്ത് വിഹിതം 1500000/- രൂപ തൻ വർഷം ചെലവഴിച്ചിട്ടുണ്ട്, എന്നാൽ പ്രസ്തുത ചെലവ് സുലേഖ ചെലവ് പത്രികയിൽ പ്രതിഫലിച്ചിട്ടില്ല .

സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റ് കണക്കുകളിലും ചെലവ് കണക്കുകളിലും മേൽവിവരിച്ച വ്യത്യാസങ്ങളും അക്കൗണ്ടിങ്ങ് അപാകതകളും നിലനിൽക്കുന്നതിന് വിധേയമായിട്ടാണ് അനുബന്ധം-2 ഗ്രാന്റ് വിനിമയ സാക്ഷ്യപത്രം നൽകിയിട്ടുള്ളത്.

## 1-5 പദ്ധതി അവലോകനം

ഗ്രാമപഞ്ചായത്തിന്റെ 2021-22 വാർഷികപദ്ധതിയ്ക്ക് ജില്ലാ ആസൂത്രണസമിതിയുടെ 10.03.2022ലെ ഉത്തരവ് നം. 81898/21/DPC/DPO/KTM പ്രകാരം പുതുക്കി അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതിരൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആസൂത്രണസമിതി രൂപീകരിക്കൽ | 22-01-21 |
| വർക്കിങ്ങ് ഗ്രൂപ്പ് യോഗം | 22-01-21, 04-02-21 |

| | |
|---|---|
| പദ്ധതിരൂപീകരണ ഗ്രാമസഭകൾ | 22-01-21, 07-02-21, 13-02-21 |
| ഊരുകൂട്ടം/വയോജന/ഭിന്നശേഷി ഗ്രാമസഭ | 15-02-21 |
| വികസനസെമിനാർ | 20-02-21 |

വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 148680014 രൂപയും ആകെ ചെലവ് 52171293-രൂപയുമാണ്. ചെലവ് 35.1%. 30 സ്പിൽഓവർ പ്രോജക്ടുകളും 168 പുതിയ പ്രോജക്ടുകളും ഉൾപ്പടെ ആകെ 193 പ്രോജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചത്. ഇതിൽ 138 എണ്ണം തൻവർഷം നടപ്പാക്കി. തൻവർഷം പ്രോജക്ടുകൾ ഏറ്റെടുത്ത 12 നിർവ്വഹണോദ്യോഗസ്ഥരിൽ കൃഷി ഓഫീസർ, സെക്രട്ടറി, വിഇഒ, സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് എന്നിവർക്ക് 50% ൽ താഴെയാണ് ചെലവ്. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥൻ | ആസൂത്രണം ചെയ്ത പ്രോജക്ടുകൾ | നടപ്പാക്കിയവ | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 6 | 6 | 3659100 | 1926854 | 52.7 |
| വെറ്ററിനറി സർജൻ | 6 | 6 | 4478000 | 2828000 | 63.2 |
| എം.ഒ ( സിഎച്ച്സി) | 6 | 4 | 5131265 | 2401208 | 46.8 |
| എം.ഒ (ഹോമിയോ) | 2 | 2 | 158400 | 158400 | 100 |
| എം.ഒ (ആയുർവേദം) | 2 | 2 | 514000 | 514000 | 100 |
| വി ഇ ഒ | 25 | 18 | 46965443 | 15702618 | 33.4 |
| ഹെഡ്മാസ്റ്റർ | 5 | 5 | 650774 | 602165 | 92.5 |
| ഐ സി ഡി എസ് സൂപ്പർവൈസർ | 8 | 6 | 4706356 | 4057409 | 86.2 |
| സെക്രട്ടറി | 43 | 29 | 50633352 | 5872113 | 11.6 |
| അസി.എൻജിനീയർ എൽ.എസ്.ജി.ഡി | 76 | 48 | 27591763 | 15384012 | 55.8 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 3 | 3 | 1400000 | 1400000 | 100 |
| അസിസ്റ്റന്റ് സെക്രട്ടറി | 9 | 7 | 1855561 | 1254254 | 67.6 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 2 | 2 | 936000 | 70260 | 7.5 |
| ആകെ | 193 | 138 | 148680014 | 52171293 | 35.1 |

കോവിഡ് പ്രതിസന്ധി തുടർന്നു പോന്ന കാലമായതിനാലും സമയബന്ധിതമായി ബില്ലുകൾ മാറാത്തതിനാലും ചുവടെ ചേർക്കുംപ്രകാരമുള്ള ഫണ്ടിനങ്ങൾ വർഷാവസാനം സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടു.

| ക്രമ നമ്പർ | ഫണ്ടിനം | ലാപ്സായ തുക |
|---|---|---|
| 1 | വികസനഫണ്ട്, പൊതുവിഭാഗം | 165581 |

| | | |
|---|---|---|
| 2 | വികസനഫണ്ട്, എസ്.സി.പി | 592918 |
| 3 | വികസനഫണ്ട്, റ്റി.എസ്.പി | 25256 |
| 4 | മെയിന്റനൻസ് ഗ്രാന്റ്, റോഡ് | 4964879 |
| 5 | മെയിന്റനൻസ് ഗ്രാന്റ്, റോഡിതരം | 756853 |
| | ആകെ | 6506487 |

## 1-6 തൊഴിലുറപ്പ് പദ്ധതി

2021-22 വർഷം 20 പേർക്ക് പുതിയതായി തൊഴിൽ കാർഡ് അനുവദിച്ചു. തൊഴിലുറപ്പ് പദ്ധതിയുടെ 2021-22 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 15 വാർഡുകളിലെ തൊഴിലാളികളെ ഉൾപ്പെടുത്തി കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2021-22 വർഷം സാങ്കേതിക അനുമതി ലഭിച്ച 196 പ്രോജക്ടുകളിൽ 188 എണ്ണം തൻവർഷം നടപ്പിലാക്കി. 52058 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 754 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. ആകെയുള്ള 184 അയൽക്കൂട്ടങ്ങളിൽ 12 അയൽകൂട്ടങ്ങൾ പദ്ധതികളുമായി സഹകരിക്കുന്നുണ്ട്. തോടുകളുടെ നവീകരണം, നീർക്കുഴി, മഴക്കുഴി നിർമ്മാണം, കയ്യാല നിർമ്മാണം തുടങ്ങിയ പ്രോജക്ടുകളാണ് തൻവർഷം നടപ്പാക്കിയത്. ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല. എം ജി എൻ ആർ ഇ ജി എസ് ക്യാഷ്ബുക്ക് പ്രകാരമുള്ള 2021-22 വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| മുന്നിരിപ്പ് | | | 367423 |
| വരവ് | ഇ.എഫ്.എം.എസ് വരവ് | 29148011.5 | |
| | ക്യാഷ് വരവ് | 1295210 | |
| | ആകെ വരവ് | 30,443,221.5 | 30,443,221.5 |
| ആകെ വരവ് | | | |
| ചെലവ് | തൊഴിലാളികളുടെ വേതനം | 15161815 | |
| | വിദഗ്ധതൊഴിലാളികളുടെ വേതനം | 2614196.5 | |
| | സാധന വില | 11372000 | |
| | ഭരണ ചെലവുകൾ (ബാങ്ക് ചാർജ് ഉൾപ്പടെ) | 1662327 | 30,810,338.5 |
| | | | |
| നീക്കിയിരിപ്പ് | | | 306 |

## 1-7 ക്ഷേമപദ്ധതികൾ.

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 23280 | 13 |
| കർഷകതൊഴിലാളി പെൻഷൻ | 5065900 | 327 |
| വിധവാപെൻഷൻ | 9669300 | 625 |
| വാർദ്ധക്യകാലപെൻഷൻ | 32217100 | 2347 |
| വികലാംഗപെൻഷൻ | 4168100 | 260 |

| | | |
|---|---|---|
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 910000 | 66 |
| വിവാഹധനസഹായം | 90000 | 3 |

### 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.10.2022 തീയതിയിൽ 3.30 പി എം-ന് ഹെഡ് ക്ലർക്കിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4690/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

### 1-9 ആഭ്യന്തരനിയന്ത്രണസംവിധാനം

ഓഫീസ് ഉത്തരവിലൂടെ ജീവനക്കാർക്ക് ചുമതലകൾ കൃത്യമായി വിഭജിച്ച് നൽകിയിട്ടുണ്ട്. അഡ്വാൻസ്/ഡെപ്പോസിറ്റ് രജിസ്റ്ററുകൾ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കുന്നുണ്ട്. കാലഹരണപ്പെട്ട തുകകൾ തനതുഫണ്ടിലേയ്ക്ക് മുതൽക്കൂട്ടിയിട്ടില്ല. പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. തെരുവുവിളക്കുകൾ സംബന്ധിച്ച രജിസ്റ്ററുണ്ടെങ്കിലും പിന്നീട് പോസ്റ്റുകൾ പുതിയത് കൂട്ടിച്ചേർത്തവയുടെ വിശദാംശങ്ങൾ ചേർത്ത് അപ്ഡേറ്റ് ചെയ്തിട്ടില്ല. വൗച്ചറുകൾ കൃത്യമായി മാസം തിരിച്ച് അടുക്കി സൂക്ഷിയ്ക്കുന്നുണ്ട്. സ്റ്റാന്റിംഗ് കമ്മിറ്റികൾ എല്ലാ മാസങ്ങളിലും യോഗം ചേർന്നിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകളും നിശ്ചിത ഇടവേളകളിൽ യോഗം ചേർന്ന് പദ്ധതി നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ പ്രോജക്ടുകളുടെ നടത്തിപ്പ് വർക്കിംഗ് ഗ്രൂപ്പുകൾ കൃത്യമായി മോണിറ്റർ ചെയ്ത് പദ്ധതി പൂർത്തീകരണസാക്ഷ്യപത്രം തയ്യാറാക്കിയതായി ഒരു ഫയലിലും കാണുന്നില്ല. പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ മേൽനോട്ടസംവിധാനം ഫലപ്രദമായിരുന്നില്ലെന്ന് ഇതു സൂചിപ്പിക്കുന്നു. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

### 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 31.05.2022 മുതൽ 06.06.2022 വരെ | 07/2021 മുതൽ 12/2021 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 05.08.2016 മുതൽ 20.08.2016 വരെ | 2011-12 മുതൽ 2015-16 വരെ | എൽബിഎ(എച്ച് ക്യൂ)II/8A-2491/202 തീയതി 07.10.2016 |

### 1-11 വിവിധ ഫീസുകൾ അടവാക്കൽ - ഓൺലൈൻ വരവുകൾ അക്കൗണ്ടിൽ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുക

കാണക്കാരി ഗ്രാമപഞ്ചായത്തിൽ ഐഎൽജിഎംഎസ് തുടങ്ങിയതിന് ശേഷം 01/01/22 മുതൽ

07/07/22 വരെ ഓൺലൈൻ വരവായി മാര്യേജ് രജിസ്ട്രേഷൻ, ജനന മരണ ഫീസിനത്തിൽ ലഭിച്ച 25578 രൂപ പഞ്ചായത്തിലെ ഇ – പേയ്മെന്റ് ബാങ്ക് അക്കൗണ്ടിൽ (എസ് ബി ഐ, A/c No-67390002550) വരവ് വന്നിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (26/31.10.22) ഇൻഫോർമേഷൻ കേരളാ മിഷന് 27/08/22 ൽ പരാതി നൽകിയിട്ടുണ്ടെന്നും ആയത് പരിഹരിക്കുന്ന മുറയ്ക്ക് അക്കൗണ്ടിൽ ചേർത്ത് വിവരം ലഭ്യമാക്കുമെന്നും മറുപടി നൽകി. അപാകത പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

1-12 ഒരേ റോഡ് തന്നെ വിവിധ രീതികളിൽ വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നു

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 6 പട്ടിക 2 പ്രകാരം കെട്ടിടത്തിലേക്കുള്ള വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾ (20 % നികുതി വർദ്ധനവ്), 1.5 മീറ്ററോ അതിൽ കുറവോ വഴി സൗകര്യമുള്ള കെട്ടിടങ്ങൾ (10 % നികുതി ഇളവ്) പൊതു വഴി സൗകര്യം ഇല്ലാത്ത കെട്ടിടങ്ങൾ (20 % നികുതി ഇളവ്) എന്നിങ്ങനെ തരം തിരിച്ചിട്ടുണ്ട്. 1.5 മീറ്റർ മുതൽ 5 മീറ്റർ വരെ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾക്ക് നികുതി വർദ്ധനവോ ഇളവോ ഇല്ല. വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് സഞ്ചയയിൽ നിന്ന് ലഭ്യമായ ഫോം-6 സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതിൽ ഒരേ റോഡ് തന്നെ വിവിധ രീതികളിൽ വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമസ്ഥൻ | റോഡിന്റെ പേര് | പ്രസ്തുത റോഡ് വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്ന തരം (ഫോം- 6 പ്രകാരം) |
|---|---|---|---|---|
| 1 | I/6 B | സുരേന്ദ്രൻ നായർ | വെമ്പള്ളി - കോതനല്ലൂർ റോഡ് | 1.5 മീറ്ററിൽ കുറവ് വീതിയുള്ള റോഡ് |
| 2 | I/27 A | രാജേന്ദ്രൻ | | 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 3 | I/100 A | തോമസ് വി കെ | | 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 4 | I/95 C | രജി രാമചന്ദ്രൻ | വെമ്പള്ളി - കളത്തൂർ റോഡ് | 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 5 | I/85 C | ജോസഫ് ചാക്കോ | | 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 6 | II/30 D | ത്രേസ്യാമ്മ | വെമ്പള്ളി - വെള്ളാങ്കൽ റോഡ് | 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 7 | II/32 B | റെജി | | 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 8 | II/43 A | മാത്യു | പഞ്ചായത്ത് റോഡ് | 1.5 മീറ്ററിൽ കുറവ് വീതിയുള്ള റോഡ് |
| 9 | II/45 | ട്രീസ & | | 5 മീറ്ററിൽ കൂടുതൽ |

| | | | | |
|---|---|---|---|---|
| | A | മാണി | | വീതിയുള്ള റോഡ് |
| 10 | II/51 A | ജെറ്റ്സൺ ഇ മാത്യു | | 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 11 | X/14 A | ബിനോയ് ജോസഫ് | കാണക്കാരി - കുറവിലങ്ങാട് റോഡ് | 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 12 | X/15 | ബിനോയ് ജോസഫ് | | 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (04/29.10.2022) കെട്ടിട നികുതി അസസ്സ് ചെയ്യുന്ന ഫോറം 6 ൽ കെട്ടിടം സ്ഥിതി ചെയ്യുന്ന/കെട്ടിടത്തിന്റെ സമീപമുള്ള റോഡിന്റെ പേരാണ് രേഖപ്പെടുത്തുന്നതെന്നും ചില കെട്ടിടങ്ങൾ ടി റോഡ് മുഖ്യ പ്രവേശന മാർഗ്ഗമായിട്ടുള്ളതും മറ്റ് ചില കെട്ടിടങ്ങൾ ടി റോഡിന് സമീപമുള്ളതും എന്നാൽ ടി വീട്ടിലേക്ക് പ്രത്യേക പേരുകളില്ലാത്ത പാതകളായതിനാൽ സമീപമുള്ള റോഡിന്റെ പേരുകൾ ചേർക്കുന്നതായും മറുപടി നൽകിയിട്ടുണ്ട്. എല്ലാത്തരം റോഡുകൾക്കും പ്രത്യേകം പേരുകൾ നൽകി റോഡ് മാസ്റ്റർ വിപുലീകരിക്കേണ്ടതും ആയതിനനുസരിച്ച് കെട്ടിടങ്ങൾ പരിശോധിച്ച് വസ്തു നികുതി നിർണ്ണയത്തിൽ പഞ്ചായത്ത് ഫണ്ടിൽ നഷ്ടമുണ്ടായിട്ടില്ലെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-13 മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക നിലനിൽക്കുന്നു

കാണക്കാരി ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക നിലനിൽക്കുന്നതായി കാണുന്നു.

| ക്രമ നം. | വാർഡ് / വാതിൽ നമ്പർ | ഉടമസ്ഥന്റെ പേര് | വർഷം | വസ്തു നികുതി ഇനത്തിലെ കുടിശ്ശിക |
|---|---|---|---|---|
| 1 | VII/299 A | റിലയൻസ് ഇൻഫ്രാടെൽ | 2021-22 (രണ്ടാമത്തെ അർദ്ധ വർഷം) | 200 |
| 2 | VIII/401 A | ഡിഷ് നെറ്റ് വയർലെസ് ലിമിറ്റഡ് (എയർസെൽ) | 2016-17മുതൽ 2021-22 വരെ | 94624 |

മേൽ മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (08/29.10.2022) ക്രമ നം.1 – ന്റെ കുടിശ്ശിക തുക 2022-23 വർഷം ഈടാക്കുന്നതാണെന്നും ക്രമ നം.2 – ന്റെ കുടിശ്ശിക തുക ഈടാക്കുന്നതിനായി ഏറ്റുമാനൂർ മുൻസിഫ് കോടതിയിൽ പ്രോസിക്യൂഷൻ ഫയൽ ചെയ്തു നടപടികൾ നടന്നുവരികയാണെന്നും ആയത് പൂർത്തിയാകുന്ന മുറയ്ക്ക് കുടിശ്ശിക തുക ഈടാക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-14 ടെറസ് സംരക്ഷണം അധിക റൂഫിംഗ്-പെർമിറ്റ് ഫീസ് ഈടാക്കുന്നില്ല.

2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 74 ഉപചട്ടം 1 പ്രകാരം ഉയരം 10 മീറ്ററിൽ കൂടാത്തതും 3 നില വരെയുള്ളതുമായ താമസാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് അധികമായി ഷീറ്റ്/ ഓട് ഉപയോഗിച്ച് ടെറസിന് മുകളിൽ റൂഫിംഗ് നടത്തുന്നതിന് പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും പെർമിറ്റ്

എടുക്കേണ്ടതുണ്ട്. ഇത്തരത്തിലുള്ള അധിക നിർമ്മിതി ടെറസിന് സംരക്ഷണം നല്കുന്നതും എല്ലാ വശങ്ങളും തുറന്ന നിലയിലുള്ളതുമായിരിക്കണം. ഇവ ബിൽറ്റ് അപ് ഏരിയ ആയി പരിഗണിക്കുന്നില്ല എങ്കിലും ഉപചട്ടം 2 പ്രകാരം പെർമിറ്റ് ഫീസ് ഈടാക്കേണ്ടതുണ്ട്. 2021-22 വർഷം പെർമിറ്റ് നല്കിയിട്ടുള്ള കെട്ടിടങ്ങളുടെ പ്ലാൻ പ്രകാരം ടെറസിന് മുകളിൽ അധികമായി റൂഫിംഗ് നല്കിയിട്ടുണ്ട് എങ്കിൽ പോലും പെർമിറ്റ് ഫീസ് ഈടാക്കിയിട്ടില്ല .ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്ര.നം | ഫയൽ നം, പേര്,വിലാസം | ടെറസ് റൂഫിംഗ് ഏരിയ (ച മീ) | ഈടാക്കേണ്ടിയിരുന്ന ഫീസ് (രൂ) @ 7/ച മീ |
|---|---|---|---|
| 1 | എസ് സി2 - 360/21 തീ 24.09.21 തോമസ് കുട്ടി വി റ്റി വെളുത്തേടത്ത് പറമ്പിൽ | 107.60 | 753.20 |

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (03/29.10.2022) സങ്കേതം സോഫ്റ്റ്‌വെയറിൽ ഇപ്രകാരം അധിക ഫീസ് ഈടാക്കുന്നതിനുള്ള സംവിധാനം നിലവിൽ ഇല്ലാത്തതിനാലാണ് അധിക ഫീസ് ഉൾപ്പെടുത്താത്തത് എന്ന് മറുപടി നൽകിയിട്ടുണ്ട്. ടെറസിന് മുകളിൽ റൂഫിംഗ് നടത്തുന്നതിനുള്ള അധിക ഫീസ് സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആയത് പ്രകാരം കെട്ടിടങ്ങളുടെ പെർമിറ്റ് ഫീസ് ഈടാക്കേണ്ടതുമാണ്.

1-15 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ലയെന്ന് കാണുന്നു.

| ക്രമ നമ്പർ | സ്ഥാപനം | നികുതി ഈടാക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | ഗവ. എൽ.പി.എസ്, കടപ്പൂർ | 1,2 |
| 2 | ഗവ. ഹൈസ്കൂൾ, കടപ്പൂർ | 1 |
| 3 | മാനേജർ, അഡീഷണൽ സ്കിൽ അക്വസിഷൻ പ്രോഗ്രാം | 2 |
| 4 | വിവേകാനന്ദ പബ്ലിക് സ്കൂൾ, കുറുമള്ളൂർ | 2 |
| 5 | സപ്ലൈകോ മാവേലി സ്റ്റോർ | 1 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (18/31.10.2022) പരാമർശിത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

1-16 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സപ്ലൈകോ മാവേലി സ്റ്റോറിൽ നിന്ന് 2021-22 സാമ്പത്തിക വർഷത്തിൽ ഒന്നാം അർദ്ധ വർഷത്തെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ആയതിന് വിശദീകരണം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (19/31.10.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

1-17 ലേലം- അപാകതകൾ

1. മണ്ണ് നീക്കൽ ക്വട്ടേഷൻ- തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല

കാണക്കാരി പഞ്ചായത്ത് സെക്രട്ടറിയുടെ 28.10.20 തീയതിയിലെ ക്വട്ടേഷൻ നോട്ടീസ് പ്രകാരം ചിറക്കുളത്തിന് സമീപം പണിയുന്ന ഹോമിയോ ആശുപത്രിയുടെ നിർമ്മാണം ആരംഭിക്കേണ്ടതിനാൽ സ്ഥലത്ത് കൂടി കിടക്കുന്ന മണ്ണ് (55 ലോഡ് മണ്ണ്- 332.96 Meter Cube- അസി. എഞ്ചിനീയറുടെ വാല്യുവേഷൻ പ്രകാരം 16002 രൂപ) വിൽക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചിരുന്നു (അവസാന തീയതി 03.11.2020). ആയത് പ്രകാരം സഹദേവൻ പൂഞ്ചയിൽ (20000 രൂപ), ഷാജി ജോസഫ് (137 രൂപ/ മീറ്റർ ക്യൂബ്), ശ്രീരാജ് പി.എസ് (21000രൂപ) എന്നിവരുടെ ക്വട്ടേഷനുകൾ ലഭ്യമായതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ക്വട്ടേഷൻ അംഗീകരിച്ചതിന്റെ വിവരങ്ങളോ ഇത് സംബന്ധിച്ച പഞ്ചായത്ത് കമ്മറ്റി തീരുമാനമോ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ഹോമിയോ ആശുപത്രിയുടെ കെട്ടിട നിർമ്മാണ കരാർ എടുത്ത ശ്രീ ഷാജി ജോസഫ് അസി.എഞ്ചിനീയർക്ക് നൽകിയ 12.07.21 തീയതിയിലെ കത്ത് പ്രകാരം ലേലം പിടിച്ച വ്യക്തി മണ്ണ് കൊണ്ടു പോകാത്തതിനാൽ കെട്ടിടം നിർമ്മിക്കുന്ന സ്ഥലത്ത് മണ്ണ് കൂട്ടിയിട്ടിരിക്കുകയാണെന്നും ആയതിനാൽ കെട്ടിടം നിർമ്മിക്കുന്നതിനായി പഞ്ചായത്ത് നിർദ്ദേശ പ്രകാരം ഈ സ്ഥലത്ത് നിന്ന് 70 മീറ്റർ അകലെ പഞ്ചായത്ത് സ്ഥലത്ത് തന്നെ മണ്ണ് നിക്ഷേപിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. പ്രസ്തുത മണ്ണ് നീക്കത്തിനായി 28.10.2020 തീയതി ക്വട്ടേഷൻ നടപടികൾ ആരംഭിച്ചിട്ടും 12.07.2021 തീയതി വരെ ഇക്കാര്യത്തിൽ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. ചിറകുളത്തിന് സമീപം പുതിയ ഹോമിയോ ആശുപത്രി കെട്ടിടം നിർമ്മിക്കുന്ന സ്ഥലത്ത് 29.10.22 തീയതി നടത്തിയ സ്ഥല പരിശോധനയിൽ മണ്ണ് കൂട്ടിയിട്ടിരിക്കുന്നത് കണ്ടെത്താൻ സാധിച്ചിട്ടില്ല. കൂടാതെ മണ്ണ് നീക്കുന്നതിന് ക്വട്ടേഷൻ എടുത്തയാളുടെ വിശദാംശങ്ങൾ, ക്വട്ടേഷൻ അംഗീകരിച്ച പഞ്ചായത്ത് കമ്മറ്റി തീരുമാനം, ക്വട്ടേഷൻ തുക പഞ്ചായത്തിൽ ഒടുക്കിയതിന്റെ വിശദാംശങ്ങൾ, മണ്ണ് നീക്കം സംബന്ധിച്ച തുടർ നടപടികളുടെ വിവരങ്ങൾ, നിലവിലെ അവസ്ഥ എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/31.10.22) മറുപടി ലഭ്യമാക്കിയിട്ടില്ല. ക്വട്ടേഷൻ നടപടികളിന്മേൽ വന്ന കാലതാമസം മൂലം പഞ്ചായത്തിന് പ്രസ്തുത മണ്ണ് നഷ്ടപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്.

ലഭിച്ച ക്വട്ടേഷനുകളിൽ ഉയർന്ന തുക ക്വോട്ട് ചെയ്തിരിക്കുന്നത് ഷാജി ജോസഫ് (137/$m^3$) ആണ്. എന്നാൽ ക്വട്ടേഷൻ അംഗീകരിച്ചതിന്റെയോ, തുക ഒടുക്കിയതിന്റെയോ രേഖകൾ ഹാജരാക്കിയിട്ടില്ല. ക്വട്ടേഷൻ നടപടികളിൽ സെക്രട്ടറിയുടെയും കമ്മറ്റി അംഗങ്ങളുടെയും ഭാഗത്ത് നിന്ന് വീഴ്ച ഉണ്ടായോ എന്ന് പരിശോധിക്കേണ്ടതാണ്. ഇത് സംബന്ധിച്ച വിശദമായ അന്വേഷണം നടത്തേണ്ടതും പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിച്ചിട്ടുണ്ടെങ്കിൽ ആയത് ഉത്തരവാദികളിൽ നിന്ന് ഈടാക്കേണ്ടതുമാണ്. തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

2. സ്ക്രാപ്പ് ലേലം- വാല്യുവേഷനിലെ അപാകത

വെമ്പള്ളി ഗവ യു.പി സ്കൂളിന്റെ അറ്റകുറ്റ പണി നടത്തിയ ശേഷം അവശേഷിച്ചിരുന്ന ഉപയോഗ ശൂന്യമായ റൂഫിംഗ് ഷീറ്റുകൾ സ്ക്രാപ്പ് വിലക്ക് ലേലം ചെയ്യുന്നതിനായി അസി.എഞ്ചിനീയർ തയ്യാറാക്കിയ വാല്യുവേഷൻ ചുവടെ ചേർക്കുന്നു.

Scrap Valuation – Govt U.P.S Vempally

OD- Providing And Fixing 0.35 Mm Thick Tile Profile/Trafford Sheet Roofing Up To Any Pitch And Fixing With Polymer Coated J Or L Hooks, Bolts 8 Mm Dia Gl Plain And Bitumen Washers Or Self Drilling Fastner And EPDM Washers Etc Complete Including Cutting Sheets To Size And Shape Wherever Required.

For Roof

| No | L | B | H | QTY |
|---|---|---|---|---|
| 1 | 27.00 | 3.70 | | 99.90 |

Say 99.90 Meter Sq @ Rs 550.46/ Meter Sq = 54990.95, Say 54991

Scrap Value 10% = 549.91

Total= 550 Five Hundred And Fifty Only

54991 രൂപ വാല്യുവേഷൻ കണക്കാക്കിയിരിക്കുന്ന ഷീറ്റുകളുടെ സ്ക്രാപ്പ് വാല്യൂ (10%) 5499 രൂപയാണ് വരേണ്ടിയിരുന്നതെങ്കിലും 550 രൂപയെന്നാണ് വാല്യുവേഷൻ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത വാല്യുവേഷന്റെ അടിസ്ഥാനത്തിൽ ക്വട്ടേഷൻ ക്ഷണിക്കുകയും (01.08.22 തീയതി) കൂടുതൽ തുക ക്വോട്ട് ചെയ്ത മോഹനൻ മമ്പളമ്യാലിൽ (800 രൂപ) എന്ന വ്യക്തിയുടെ ക്വട്ടേഷൻ അംഗീകരിക്കുകയും 20.08.22 തീയതിയിലെ 1220101896 നമ്പർ രസീത് പ്രകാരം ടിയാൻ തുക ഒടുക്കുകയും ചെയ്തിട്ടുണ്ട്. വാല്യുവേഷനിൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/31.10.22) പ്രസ്തുത ഷീറ്റുകൾക്ക് 15 വർഷത്തിലേറെ പഴക്കമുണ്ടെന്നും ആയതിനാൽ 5499 രൂപ വിലമതിക്കാൻ സാധിക്കുകയില്ലെന്നും പത്ത് വർഷത്തെ ആവറേജാണ് 550 ആയി ഉദ്ദേശിച്ചിരുന്നതെന്നും മറുപടി നൽകിയിട്ടുണ്ട്. മറുപടി അംഗീകരിക്കുന്നില്ല. ശരിയായ രീതിയിൽ വാല്യുവേഷൻ നടത്താത്തതിനാൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിച്ചിട്ടുള്ളതായി ഓഡിറ്റ് വിലയിരുത്തുന്നു. വാല്യുവേഷൻ തയ്യാറാക്കുമ്പോൾ പൂർണ്ണമായ വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്. ഭാവിയിൽ അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-18 അനർഹമായി കൈപ്പറ്റിയ സാമൂഹ്യ സുരക്ഷാപെൻഷൻ തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

പഞ്ചായത്തിൽ നിന്ന് അനർഹമായി സാമൂഹ്യ സുരക്ഷാപെൻഷൻ കൈപ്പറ്റിയിരുന്നവരെ കണ്ടെത്തി പെൻഷൻ റദ്ദാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും ഇപ്രകാരം അനധികൃതമായി നാളിതുവരെ പെൻഷൻ കൈപ്പറ്റിയിട്ടുള്ള ശ്രീമതി രമണികുട്ടിയമ്മ, ശ്രീമന്ദിരം കാണക്കാരി എന്ന ഗുണഭോക്താവിൽ നിന്നും അധികം കൈപ്പറ്റിയ പെൻഷൻ (വാർദ്ധക്യ പെൻഷൻ) തിരികെ ഈടാക്കുന്നതിനും 01.02.2022 SC2(3) നം.കമ്മറ്റിയിൽ തീരുമാനിച്ചിരുന്നു. അനർഹമായി കൈപ്പറ്റിയ പെൻഷൻ തുക തിരികെ ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (10(12)/29.10.22) ലഭിച്ച മറുപടിയിൽ ടി യാൾ കൈപ്പറ്റിയിരുന്ന പെൻഷൻ റദ്ദ് ചെയ്ത് നാളിതുവരെ കൈപ്പറ്റിയ പെൻഷൻ തുക ഈടാക്കി കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ പേരിൽ കേരള സംസ്ഥാന സഹകരണ ബാങ്ക് ഹെഡ് ഓഫീസ് ബ്രാഞ്ചിലേക്ക് അടവാക്കുന്നതിന് ടിയാൾക്ക് 10.05.22 ന് എ-5-3297/2021 നമ്പരായി കത്ത് നൽകിയിട്ടുണ്ടെന്ന് മറുപടി ഹാജരാക്കി. അനർഹമായി കൈപ്പറ്റിയ പെൻഷൻ തുക തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കി വിവരം അറിയിക്കേണ്ടതുമാണ്.

### 1-19 വെള്ളക്കരം -നാളിതുവരെ സംയുക്തപരിശോധന നടത്തിയിട്ടില്ല.

സർക്കാർ ഉത്തരവ് GO(MS)9/2021/WRD/10-02-21 അനുസരിച്ച് വെള്ളക്കരം 5% വർദ്ധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 4/21 മുതൽ 18836- രൂപ പ്രതിമാസ നിരക്കിലാണ് വെള്ളക്കരം അടച്ചുപോരുന്നത്. പ്രോജക്ട് നം.9/22 പ്രകാരം കുടിവെള്ളചാർജ് ഇനത്തിൽ ആകെ 227185- രൂപ കേരള വാട്ടർ

അതോറിറ്റി, പി എച്ച് ഡിവിഷൻ, കടുത്തുരുത്തി പേർക്ക് തൻവർഷം അടവാക്കിയിട്ടുണ്ട്. പഞ്ചായത്തിലെ കുടിവെള്ള വിതരണടാപ്പുകളിൽ കുടിവെള്ളം ലഭിയ്ക്കാത്ത ടാപ്പുകൾ, പൊതുജനം ഉപയോഗിയ്ക്കാത്ത ടാപ്പുകൾ എന്നിവയുടെ വിവരം ശേഖരിച്ച് KWA യ്ക്ക് കത്ത് നൽകുന്നതിന് 02-07-21ലെ 2(1) നം.കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഓരോ വാർഡിലെയും പ്രവർത്തനക്ഷമമായ ടാപ്പുകളുടെ ലിസ്റ്റ് തയ്യാറാക്കുകയും 12-09-22 ൽ വാട്ടർ അതോറിറ്റിക്ക് സംയുക്ത പരിശോധനയ്ക്കായി കത്ത് നൽകുകയും ചെയ്തിട്ടുണ്ടെങ്കിലും തുടർനടപടികൾ പൂർത്തിയാക്കിയിട്ടില്ല. വാർഡ് മെമ്പർമാരുടെ റിപ്പോർട്ടുകൾ പ്രകാരം ഭൂരിഭാഗം ടാപ്പുകളും ഒഴിവാക്കാനാണ് ശുപാർശ. ഇക്കാര്യത്തിൽ അടിയന്തിരമായി തുടർനടപടികൾ പൂർത്തിയാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-20 ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മുറി നിഷ്ക്രിയാസ്തിയായി തുടരുന്നു.

ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതും 2020-21 സാമ്പത്തിക വർഷം 828 രൂപ നിരക്കിൽ മദർ ചാരിറ്റബിൾ ട്രസ്റ്റിന് വാടകയ്ക്ക് നൽകിയിരുന്നതുമായ മുറി (മുറി നമ്പർ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല) 2021-22 സാമ്പത്തിക വർഷം ആർക്കും വാടകയ്ക്ക് നൽകിയതായി കാണുന്നില്ല. ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മുറി ഇപ്രകാരം നിഷ്ക്രിയാസ്തിയായി തുടരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/31.10.2022) പ്രസ്തുത മുറി 2022-23 സാമ്പത്തിക വർഷം വാടകയ്ക്ക് നൽകിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. ഭാവിയിൽ ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മുറികൾ വാടകയ്ക്ക് കൊടുക്കാതെ ഒഴിഞ്ഞ് കിടക്കുന്ന അവസ്ഥ ഒഴിവാക്കേണ്ടതാണ്.

## 1-21 മഴക്കാലപൂർവ്വശുചീകരണം- തനത് ഫണ്ടിൽ ഉൾപ്പെടുത്തി ചെലവഴിച്ച എൻ എച്ച് എം ഫണ്ട് നാളിതുവരെ ലഭ്യമായിട്ടില്ല.

മഴക്കാല പൂർവ്വശുചീകരണത്തിന്റെ ഭാഗമായി തൻവർഷം ശുചിത്വമിഷൻ ഫണ്ടും എൻ എച്ച് എം ഫണ്ടും ലഭ്യമാകാത്ത സാഹചര്യത്തിൽ 03.06.21ലെ 1(1) നമ്പർ കമ്മറ്റി തീരുമാന പ്രകാരം വാർഡിന് 20000/-രൂപ വീതം തനത്ഫണ്ടിൽ നിന്നും 300000/-രൂപ (വൗച്ചർ നം-22100196/08.06.21 ചെക്ക് നം-91744/8.6.21) 15 വാർഡുകളുടെ പ്രവർത്തനത്തിനായി വാർഡ് മെമ്പർ ചെയർമാനും ജെ.പി.എച്ച്.എൻ. കൺവീനറുമായ അക്കൗണ്ടുകളിലേക്ക് മാറ്റി നൽകിയിട്ടുണ്ട്. ഓരോ വാർഡിനും നൽകിയ 20000/-രൂപയിൽ 10000/-രൂപ ശുചിത്വമിഷൻ ഫണ്ടും ശേഷിക്കുന്ന 10000/-രൂപ എൻ എച്ച് എം ഫണ്ടിൽ വകയിരുത്തിയാണോ നൽകിയിട്ടുള്ളതെന്ന് വ്യക്തമല്ല. ഓഡിറ്റ് വേളയിൽ ഹാജരാക്കിയ വാർഡുകളുടെ പാസ് ബുക്ക് പരിശോധനയിൽ തൻവർഷം എൻ എച്ച് എം ഫണ്ട് ലഭ്യമായിട്ടില്ല എന്ന് വ്യക്തമായി. എൻ എച്ച് എം ഫണ്ടിനത്തിൽ ഓരോ വാർഡിനും എത്ര തുക വീതം നൽകിയിട്ടുണ്ടെന്നും ടി തുക തിരികെ ലഭിച്ചതിന്റെയും വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (7/29.10.22) ലഭ്യമാക്കിയ മറുപടിയിൽ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 27.05.21 ലെ ജി ഒ (ആർ റ്റി) നം. 1052/2022/തസ്വഭവ നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിലും എൻ എച്ച് എം ഫണ്ട് ലഭിക്കുമെന്നതിന്റെ അടിസ്ഥാനത്തിലുമാണ് തനത് ഫണ്ടിൽ ഉൾപ്പെടുത്തി 150000/-രൂപ 15 വാർഡുകൾക്ക് നൽകിയതെന്ന് മറുപടി ലഭ്യമാക്കി. എൻ എച്ച് എം ഫണ്ടിനത്തിൽ ചെലവഴിച്ച തുക നാളിതുവരെ ലഭ്യമാകാത്ത സാഹചര്യത്തിൽ നടപടികൾ സ്വീകരിച്ച് തുക തിരികെ ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-22 കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ കണ്ടിജൻസി ചെലവുകൾക്കായി വികസന ഫണ്ട് ചെലവഴിച്ചിരിക്കുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2018-19 മുതൽ 2021-22 വരെയുള്ള വർഷങ്ങളിലെ സബ്സിഡി - ധന സഹായങ്ങൾക്കുള്ള മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (കൈ) നം.22/2018/തസ്വഭവ തീയതി 14.02.2018 ഖണ്ഡിക 8.8 പ്രകാരം കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ കണ്ടിജൻസി ചെലവുകൾക്കായി സ്ഥാപന മേധാവികൾ സാമ്പത്തിക വർഷാരംഭത്തിൽ തന്നെ പട്ടിക തയ്യാറാക്കി സെക്രട്ടറിക്ക് നൽകേണ്ടതും തുക തനത് ഫണ്ട്, ജനറൽ പർപ്പസ് ഗ്രാന്റ്, മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)

എന്നിവയിൽ നിന്നും കണ്ടെത്തേണ്ടതാണ് എന്നുമാണ് നിർദ്ദേശിച്ചിരിക്കുന്നത്.

| പ്രോജക്ട് | അടങ്കൽ | ചെലവ് | ബിൽ നം |
|---|---|---|---|
| 147/21-22 - ഗവ. സ്കൂളുകളിലെ കണ്ടിജന്റ് ചെലവുകൾ | 50000 രൂപ (വികസന ഫണ്ട് ജനറൽ) + 50000 രൂ (മെയിന്റനൻസ് ഫണ്ട് റോഡിതരം) = ആകെ 100000 | 39489 രൂപ (വികസന ഫണ്ട് ജനറൽ) + 46302 രൂ (മെയിന്റനൻസ് ഫണ്ട് റോഡിതരം) = ആകെ 85791 | 2/21-22 തീയതി 10.01.22 = തുക 43200, 3/21-22 തീയതി 10.01.22 = തുക 25990, 4/21-22 തീയതി 08.03.22 = തുക 13499, 8/21-22 തീയതി 27.03.22 = തുക 3102 |

എന്നാൽ ഹെഡ് മാസ്റ്റർ നിർവ്വഹണോദ്യോഗസ്ഥനായ മേൽ പ്രോജക്ട് പ്രകാരം വികസന ഫണ്ട് (ജനറൽ) -ൽ നിന്നും 50000 രൂപ വകയിരുത്തുകയും അതിൽ 39489 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പ്രോജക്ട് വിഭാവനം ചെയ്തതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (05/29.10.2022) പദ്ധതി രൂപീകരണ ഘട്ടത്തിൽ മെയിന്റനൻസ് ഫണ്ട് (റോഡിതരം) – ൽ നിന്നും 50000/- രൂപയാണ് വകയിരുത്തിയിരുന്നതെന്നും പ്രോജക്ട് റിവിഷൻ സമയത്ത് കൂടുതൽ തുക ആവശ്യമായി വന്നപ്പോൾ മെയിന്റനൻസ് ഫണ്ട് (റോഡിതരം) പൂർണ്ണമായും മറ്റ് പ്രോജക്ടുകൾക്കായി വകയിരുത്തിയിരുന്നതിനാലാണ് വികസന ഫണ്ട് (പൊതുവിഭാഗം)-ൽ നിന്നും തുക വകയിരുത്തിയതെന്നും മേൽ പദ്ധതിക്ക് ഡി പി സി അനുമതിയും വെറ്റിംഗും ലഭിക്കുകയും ചെയ്തിരുന്നുവെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖയ്ക്കനുസൃതമായാണ് പദ്ധതി രൂപീകരണം നടത്തേണ്ടത്. വരും വർഷങ്ങളിൽ മാർഗ്ഗരേഖ കൃത്യമായി പാലിച്ച് പദ്ധതികൾ രൂപീകരിക്കുന്നതിന് ശ്രദ്ധ നൽകേണ്ടതും മേൽ തുക തനതുഫണ്ടിൽ നിന്നും ക്രമീകരിക്കേണ്ടതുമാണ്.

1-23 പ്രോജക്ടുകൾ പൂർത്തീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്

29/09/22 ൽ നടത്തിയ പ്രാദേശിക പരിശോധനയിൽ അസി.എഞ്ചിനീയർ നിർവ്വഹണം നടത്തുന്ന ചുവടെ ചേർക്കുന്ന പ്രവൃത്തി സ്ഥലങ്ങൾ സന്ദർശിച്ചു.

1.

| പ്രോജക്ട് | 116/22, ചിറക്കുളത്തിനു സമീപം വിശ്രമകേന്ദ്രം |
|---|---|

| | |
|---|---|
| നം | - ജനകീയ ഹോട്ടൽ |
| ചെലവ് | 4,58,829 രൂപ (സി എഫ് സി - 88804 രൂപ തനത് ഫണ്ട് - 370025 രൂപ |

ജനകീയ ഹോട്ടലിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. പ്ലംബിംഗ്, ഇലക്ട്രിക്കൽ പ്രവൃത്തികൾ നടന്നു വരുന്നു. ജില്ലാ പഞ്ചായത്ത് വിഹിതം ഉപയോഗിച്ച് ഇന്റർലോക്ക് പാകലിനും പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. കെട്ടിട നിർമ്മാണം പൂർത്തിയാക്കി ഉപയോഗയോഗ്യമാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

2

| | |
|---|---|
| പ്രോജക്ട് നം | 119/22 , ഹോമിയോ ആശുപത്രിയ്ക്ക് കെട്ടിട നിർമ്മാണം |
| ചെലവ് | 2365916 രൂപ (സി എഫ് സി - 149916, ജില്ലാ പഞ്ചായത്ത് വിഹിതം - 1500000 , MG (NR) - 716000) |

ഗ്രാമപഞ്ചായത്തിന്റെ പ്രോജക്ട് പ്രകാരമുള്ള കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. അവശേഷിക്കുന്ന പ്രവൃത്തികൾ വകുപ്പ് തലത്തിൽ ലഭിച്ച ഫണ്ടുപയോഗിച്ച് പൂർത്തീകരിച്ച വരുന്നു. പ്രവൃത്തി പൂർത്തീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

3. പാതയോര വിശ്രമ കേന്ദ്രം -

| | |
|---|---|
| പ്രോജക്ട് നം | 158/22, ടേക്ക് എ ബ്രേക്ക് രണ്ടാം ഘട്ടം - കെട്ടിട പൂർത്തീകരണം |
| ചെലവ് | 918454 രൂപ ( കേന്ദ്രാവിഷ്കൃതം) |

ടേക്ക് എ ബ്രേക്കിനായുള്ള കെട്ടിടനിർമ്മാണം രണ്ടാം ഘട്ടത്തിലുൾപ്പെട്ട ശുചിമുറികൾ, റാമ്പ്, വനിതകൾക്കായുള്ള വിശ്രമമുറികൾ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. അടുത്ത ഘട്ടമായി ബോർഡ് സ്ഥാപനം, വികലാംഗ സൗഹൃദ ടോയ്‌ലറ്റ്, മുറ്റത്ത് ഇന്റർ ലോക്ക് ഇടൽ എന്നിവ നടന്നു വരുന്നു. കൂടാതെ ജൈവ പാർക്ക്, വൈദ്യുതീകരണ പ്രവൃത്തികളും നിലവിൽ പൂർത്തീകരിച്ച വരുന്നു. പ്രവൃത്തി പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-24 ഭവന പുനരുദ്ധാരണം- സർക്കാർ ഉദ്യോഗസ്ഥന്റെ കുടുംബത്തിന് ധന സഹായം നൽകിയിരിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 133/21-22 |
| പ്രോജക്ടിന്റെ പേര്, ഫണ്ടിനം | വീട് മെയിന്റനൻസ് (ജനറൽ) |
| ചെലവ് | 3910151രൂപ=2294700(വികസനഫണ്ട് ജനറൽ)+1615431 (തനത് ഫണ്ട്) |
| ബിൽ നമ്പർ , തീയതി | 2/21-22 തീയതി 23.11.21 300000. |
| നിർവ്വഹണോദ്യാഗസ്ഥൻ | വി.ഇ.ഒ |

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 14.2.18 ലെ ജി.ഒ (എം.എസ്) 22/18 നമ്പർ ഉത്തരവിന്റെ ഖണ്ഡിക 6.7 പ്രകാരം വീട്/വീട് പുനരുദ്ധാരണം പദ്ധതികൾക്ക് ജനറൽ വിഭാഗത്തിന് സബ്സിഡി അനുവദിക്കുന്നതിനുള്ള കുടുംബ വാർഷിക വരുമാന പരിധി രണ്ട് ലക്ഷം രൂപയാണ്. എന്നാൽ പ്രസ്തുത പ്രോജക്ട് പ്രകാരം ഭവന പുനരുദ്ധാരണത്തിനായി 50000 രൂപ ധന സഹായം നൽകിയ ചന്ദ്രമതിയമ്മ എന്ന ഗുണഭോക്താവിന്റെ റേഷൻകാർഡ് പ്രകാരം (Xxxxxxx375) കുടുംബത്തിൽ സംസ്ഥാന സർക്കാർ

ജീവനക്കാർ ഉള്ളതായി കാണുന്നു. മാത്രമല്ല വാർഷിക കുടുംബ വരുമാനം തെളിയിക്കുന്ന രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടുമില്ല. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് നൽകേണ്ട ആനുകൂല്യം സർക്കാർ ഉദ്യോഗസ്ഥന്റെ കുടുംബത്തിന് നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/31.10.22) സർക്കാർ ഉദ്യോഗസ്ഥനായ വ്യക്തി 5 വർഷത്തിലേറെയായി ചന്ദ്രമതിയമ്മയോടൊപ്പമല്ല താമസമെന്നും വളരെ ദരിദ്രമായ സാഹചര്യങ്ങളിൽ ജീവിക്കുന്ന ടിയാരി ധന സഹായത്തിന് അർഹയാണെന്നും മറുപടി നൽകിയിട്ടുണ്ട്. ഈ വിഷയത്തിൽ ഭരണസമിതി അന്വേഷണം നടത്തി തുടർ നടപടികൾ അറിയിക്കേണ്ടതാണ്. ഭാവിയിൽ ഭവന നിർമ്മാണ/ പുനരുദ്ധാരണ പ്രവർത്തികൾ നിർവ്വഹിക്കുമ്പോൾ വരുമാനം സംബന്ധിച്ച സാക്ഷ്യപത്രം കൂടി അപേക്ഷയോടൊപ്പം ഉൾപ്പെടുത്തേണ്ടതാണ്.

### 1-25 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ/പേര് | 29/21-22, ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ |
| അടങ്കൽ | 1,50,000/- (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ചെലവ് | 1,50,000/- (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ബിൽ നം., തീയതി | 1/21-22, 23.12.2021 |

ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നുകൾ വാങ്ങുന്നതിനായി കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ 34306403911 നമ്പർ അക്കൗണ്ടിലേക്ക് 150000/- രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ ഇൻവോയ്സ് നം. എൽ എഫ് 121 തീയതി 07.06.2022 പ്രകാരം 74,891/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. ബാക്കി 75,109/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല. ആയത് ലഭ്യമാകുന്നതുവരെ 75,109/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-26 ലൈഫ് പദ്ധതി അവലോകനം.

ലൈഫ് ഭവനപദ്ധതി പ്രകാരം 2021-22 സാമ്പത്തിക വർഷം ആകെ 15 ഗുണഭോക്താക്കളാണ് ഭവനനിർമ്മാണത്തിനായി കരാറിൽ ഏർപ്പെട്ടത്. ജനറൽ, എസ്.സി, എസ്.ടി വിഭാഗത്തിലുമായി ആകെ 3 പ്രോജക്ടുകളാണ് നടപ്പിലാക്കിയത്. ഗുണഭോക്താക്കളിൽ 10 പേർ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ബാക്കിയുള്ളവരുടെ ഭവന നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു. 2021-22 വർഷത്തെ ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | പ്ലാൻ ഫണ്ട് | ബ്ലോക്ക് വിഹിതം | സംസ്ഥാന വിഹിതം | ജില്ലാ പഞ്ചായത്ത് വിഹിതം | വായ്പ | ആകെ |
|---|---|---|---|---|---|---|
| 38/21-22 (ലൈഫ് ഭവന പദ്ധതി- ഘട്ടം- മൂന്നാം | 36400 (ടി.സി.പി) | 3600 | 100000 | | 160000 | 300000 |

| | | | | | | |
|---|---|---|---|---|---|---|
| ഘട്ടം) | | | | | | |
| 37/21-22 (ലൈഫ് ഭവന പദ്ധതി- ഘട്ടം- മൂന്നാം ഘട്ടം) | 1400000(എസ്.സി.പി) | | 300000 | | | 1700000 |
| 133/21-22 (ലൈഫ് ഭവന പദ്ധതി- ജനറൽ) | 2294700(ജനറൽ) | 92334 | 1300000 | | 3140000 | 6600000 |

5 ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിച്ച വിവരം അറിയിക്കേണ്ടതാണ്.

1-27 ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തിക്ക് ധന സഹായം നൽകി

പ്രോജക്ട് - 146/21-22 – വീട് വാസയോഗ്യമാക്കൽ (എസ്.സി)

ചെലവ്- 900000 രൂപ (എസ്.സി.പി)

നിർവ്വഹണോദ്യഗസ്ഥൻ- വി.ഇ.ഒ

ബിൽ നം : 21/21-22 തീയതി 23.03.22. , 150000 രൂപ

പ്രസ്തുത പ്രോജക്ട് പ്രകാരം 50000 രൂപ ധന സഹായം ലഭിച്ച ശാന്തമ്മ ശ്രീനിവാസൻ , കല്ലറുമേൽ എന്ന ഗുണഭോക്താവ് ഗ്രാമ സഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ (വാർഡ് 3) ഉൾപ്പെട്ടിട്ടില്ലയെന്ന് കാണുന്നു. ഇപ്രകാരം ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തിക്ക് ധന സഹായം നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/31.10.22) പ്രസ്തുത ഗുണഭോക്താവിന് കളപ്പുരക്കൽ എന്നൊരു വീട്ടുപേര് കൂടിയുണ്ടെന്നും ആയത് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. മറുപടിയെ സാധൂകരിക്കുന്ന രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. ഗുണഭോക്തൃ ലിസ്റ്റ്, ഗുണഭോക്താവിനെ ഗ്രാമസഭ അംഗീകരിച്ചതിന്റെ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്.

1-28 കിണർ ചുറ്റുമതിൽ നിർമ്മാണം പദ്ധതി- ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തികൾക്ക് ധന സഹായം നൽകി.

പ്രോജക്ട്- 129/21-22- കിണറിന് ചുറ്റുമതിൽ നിർമ്മാണം.

ചെലവ്- 59247 രൂപ- (51278- പൊതു വിഭാഗം+ 8149- തനത് ഫണ്ട്)

നിർവ്വഹണോദ്യോഗസ്ഥൻ-വി ഇ ഒ

പ്രസ്തുത പ്രോജക്ട് പ്രകാരം കിണറിന് ചുറ്റ മതിൽ നിർമ്മിക്കുന്നതിനായി 10 ഗുണഭോക്താക്കൾക്കായി 59247 രൂപ നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | വാർഡ് നമ്പർ | തുക | ബിൽ/ ചെക്ക് വിശദാംശങ്ങൾ |
|---|---|---|---|---|
| 1 | രാജമ്മ ഗോപാലകൃഷ്ണൻ | 15 | 6000 | ബിൽ നം 22/21-22 തീയതി 12.01.22- |

| | | | | |
|---|---|---|---|---|
| | | | | 6000 രൂപ |
| 2 | അജിത ഗിരീഷ് | 13 | 5427 | ബിൽ നം 27/21-22 തീയതി 25.01.22- 5427 രൂപ |
| 3 | ഉഷ ബാബു | 12 | 6000 | ബിൽ നം 26/21-22 തീയതി 25.01.22- 6000 രൂപ |
| 4 | ഓമന വിജയൻ | 14 | 6000 | ബിൽ നം 29/21-22 തീയതി 10.02.22- 18000 രൂപ |
| 5 | സിന്ധു ഗിരീഷ് | 13 | 6000 | |
| 6 | സാബു കുഞ്ഞുകൊച്ച് | 14 | 6000 | |
| 7 | ലിസി മാത്യു | 1 | 6000 | ബിൽ നം 32/21-22 തീയതി 23.03.22- 12000 രൂപ |
| 8 | മോഹനൻ പി കെ | 12 | 6000 | |
| 9 | ബേബി സിന്ധ കെ ജെ | 10 | 3851 | ബിൽ നം 38/21-22 തീയതി 10.02.22- 18000 രൂപ |
| | | | 2149 | ചെക്ക് നമ്പർ 30938 തീയതി 22/03/22, SCB |
| 10 | സുമ രാജൻ | 8 | 6000 | ചെക്ക് നമ്പർ 30974 തീയതി 31/03/22, SCB |

എന്നാൽ ഗ്രാമ സഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് പരിശോധിച്ചതിൽ പ്രസ്തുത വ്യക്തികൾ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലായെന്ന് കാണുന്നു. വിശദീകരണം ലഭ്യമാക്കേണ്ടതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(25/01.11.22) പഞ്ചായത്ത് കമ്മറ്റി തീരുമാന പ്രകാരമാണ് പ്രസ്തുത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയതെന്നും അടുത്ത ഗ്രാമസഭയിൽ സാധൂകരണം ലഭ്യമാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അപാകത പരിഹരിക്കുന്നത് വരെ 59247/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

1-29 ചെലവ് തുക കണക്കുകളിൽ ഉൾപ്പെടാത്തത് /നടപടിക്രമങ്ങൾ ശേഷിയ്ക്കുന്നത്

സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ സുഭിക്ഷകേരളം പടുതാക്കുളത്തിലെ മത്സ്യകൃഷി (നം.42/22) എന്ന പ്രോജക്റ്റിന് തനതുഫണ്ടിൽ നിന്ന് 2920- രൂപയും

(ചെക്ക് നം.000047/30-03-22) സംസ്ഥാനാവിഷ്കതഫണ്ടിൽ നിന്ന് 27790 – (ചെക്ക് നം. 5030490/23.03.2022 ) രൂപയുമുൾപ്പെടെ ആകെ 30717-രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ആകെ 30717 -രൂപ ചെലവഴിച്ചുവെങ്കിലും സുലേഖ ചെലവ് പത്രികയിൽ 2920- രൂപയുടെ ചെലവ് മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ.
2. കേരള ഉൾനാടൻ മത്സ്യബന്ധനവും അക്വാകൾച്ചർ ആക്ട് 2010 പ്രകാരമുള്ള അക്വാകൾച്ചർ രജിസ്ട്രേഷനും അക്വാകൾച്ചർ ലൈസൻസും നേടിയിട്ടുണ്ടോയെന്ന് വ്യക്തമല്ല.
3. സബ്സിഡി മാർഗനിർദ്ദേശപ്രകാരമുള്ള അളവുകളുള്ള കുളം നിർമ്മിച്ച് അനുവദനീയമായ സാന്ദ്രതയിൽ മത്സ്യങ്ങളെ നിക്ഷേപിച്ച് നിശ്ചിത സമയത്ത് പദ്ധതി ആരംഭിച്ചതായുള്ള രേഖകൾ സൂക്ഷിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പിന് ( നം. 2/27.10.2022) 27790- രൂപ ചെലവിൽ വരാത്തത് വെബ് സാംഖ്യാ സോഫ്റ്റ് വെയറിലെ ചില സാങ്കേതിക കാരണങ്ങളാലാണെന്ന് സെക്രട്ടറിയും രജിസ്ട്രേഷൻ, ലൈസൻസ് അനുവദിയ്ക്കുന്നതിനുള്ള നടപടി സ്വീകരിയ്ക്കുന്നതാണെന്ന് നിർവ്വഹണോദ്യോഗസ്ഥനും മറുപടി നൽകി. സാങ്കേതിക തകരാർ പരിഹരിയ്ക്കേണ്ടതും രജിസ്ട്രേഷൻ/ലൈസൻസ് നടപടിക്രമങ്ങൾ പൂർത്തിയാക്കുകയും ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

1-30 പട്ടികജാതി വിഭാഗത്തിൽ പെട്ട വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് - വിതരണം പൂർത്തിയാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നം | 18/22 |
| നിർവ്വഹണം | അസി.സെക്രട്ടറി |
| ചെലവ് | 168990 (എസ് സി പി)<br>(ബിൽ നം . 01/08.10.21) |

ഒരു ലാപ്ടോപ്പിന് 28165/- രൂപ നിരക്കിൽ ആറ് ലാപ്പ്ടോപ്പുകൾ വാങ്ങാൻ 168990/- രൂപ ഇൻവോയിസ് നം.29511/15.09.2021 പ്രകാരം കെൽട്രോണിന് കൈമാറി. എന്നാൽ ലാപ് ടോപ്പുകളുടെ വില കൂടിയ സാഹചര്യത്തിൽ ബാലൻസ് തുക 65736 രൂപ കൂടി അടച്ച് 2022-23 ൽ സ്പിൽ ഓവർ പ്രോജക്ട് ആക്കി. 29/10/22 ന് ആറ് ലാപ്പ്ടോപ്പുകൾ കെൽട്രോണിൽ നിന്നും ലഭ്യമായിട്ടുണ്ട് . ആയവ ഗുണഭോക്താക്കൾക്ക് വിതരണം നടത്തി വിവരം ലഭ്യമാക്കേണ്ടതാണ്. വിതരണ വിവരം ലഭ്യമാക്കുന്നതുവരെ 2021-22 ൽ ചെലവഴിച്ച 168990/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-31 അഗതി രഹിത കേരളം പദ്ധതി- ഭക്ഷണമൊഴികെയുള്ള ഘടകങ്ങൾക്ക് കൂടി ഫണ്ട് ചെലവഴിക്കുക

ഗ്രാമപഞ്ചായത്തിലെ അഗതി രഹിത കേരളം പദ്ധതിയിൽ 128 ഗുണഭോക്താക്കളാണ് നിലവിൽ ഉള്ളത്. ഭക്ഷണ വിതരണത്തിനായി ചലഞ്ച് ഫണ്ട് ചെലവഴിക്കുന്നത് മാത്രമാണ് 2021-22 വർഷം നടപ്പാക്കിയത്. ഗുണഭോക്താക്കളുടെ ആവശ്യകത വിലയിരുത്തി വൈദ്യ സഹായം, വിദ്യാഭ്യാസ സഹായം തുടങ്ങിയവയ്ക്കൊന്നും ചലഞ്ച് ഫണ്ട് വിനിയോഗിച്ചില്ല. അടിസ്ഥാന സൗകര്യ വികസനത്തിനായി വികസനഫണ്ട് വകയിരുത്തി പ്രോജക്ട് നടപ്പാക്കിയില്ല. ഏറ്റവും സഹായമാവശ്യമുള്ള ഈ വിഭാഗത്തിലെ ജനങ്ങളുടെ പുരോഗതിയ്ക്ക് ഉതകുന്ന പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്. കേരളാ ഗ്രാമീൺ ബാങ്കിലെ അഗതി രഹിത കേരളം ബാങ്ക് അക്കൗണ്ടിൽ (40686101042720)11,62,765 രൂപയാണ് 31/3/22 ലെ നീക്കിയിരിപ്പ്.

1-32 അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്ന പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കുക.

പഞ്ചായത്തിൽ 22 അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്. അങ്കണവാടികളുടെ നിലവിലെ അടിസ്ഥാനസൗകര്യങ്ങളുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തി ഐ.സി.ഡി.എസ് സൂപ്പർവൈസർ ലഭ്യമാക്കിയ പട്ടിക പ്രകാരം 11 അങ്കണവാടികൾ വാടകകെട്ടിടത്തിലും രണ്ടെണ്ണം (സ്കൂൾ കെട്ടിടത്തിലും ഒന്ന് സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥയിൽയിലുള്ള) വാടക രഹിതകെട്ടിടത്തിലുമാണ് പ്രവർത്തിക്കുന്നത്. അഞ്ച് അങ്കണവാടിക്ക് സ്ഥലം ലഭിച്ചിട്ടുള്ളതിൽ മൂന്നെണ്ണത്തിന് കെട്ടിടനിർമ്മാണം ആരംഭിച്ചിട്ടുണ്ടെന്നും അറിയിച്ചു. മറ്റ് ഏഴ് അങ്കണവാടികൾക്കും സ്ഥലം കണ്ടെത്തുകയും അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന് പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഭരണ സമിതി ശ്രദ്ധിക്കേണ്ടതുമാണ്.

1-33 പ്രോജക്ട് പൂർത്തിയാക്കി വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായി തൻവർഷം നടപ്പാക്കിയ കന്നുകുട്ടിപരിപാലനം പദ്ധതിയ്ക്കായി (പ്രോജക്ട് 24/22) 90 ഗുണഭോക്താക്കൾക്കായി പ്ലാൻഫണ്ടിൽ നിന്നും 475000- (Bill No. LSGI/8/21-22/29-01-22) രൂപയും തനതുഫണ്ടിൽ നിന്നും 650000- (Ch.no. 5230467/31-01-22 ) രൂപയുമായി ആകെ 1125000-രൂപ അസി.ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം, കോട്ടയം പേർക്ക് അയച്ചിട്ടുണ്ട്. 25-02-22 ൽ കാലിത്തീറ്റ വിതരണം തുടങ്ങിയിട്ടേയുള്ളുവെന്നതിനാൽ ഓഡിറ്റ് തീയതി വരെ 9 തവണ വരെയേ കാലിത്തീറ്റ വിതരണമായിട്ടുള്ളു. പദ്ധതി പൂർത്തിയാക്കി വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

1-34 വിനിയോഗവിവരം ലഭ്യമാക്കാത്തത്-

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു. പദ്ധതികൾ പൂർത്തിയാക്കി വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ ആകെ ചെലവുതുക 933183-രൂപ തടസ്സപ്പെടുത്തുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഭൂഗർഭജലവകുപ്പ്, കോട്ടയം | 177/22കുഴൽക്കിണർ നിർമ്മാണം | 45/24-02-22 | 133183 | 0 | 133183 |
| അസി.എഞ്ചിനീയർ, കെഎസ് സി ബി ഇലക്ട്രിക്കൽ സെക്ഷൻ, നീണ്ടൂർ,ഏറ്റുമാനൂർ, കുറവിലങ്ങാട് | 205/22സ്ട്രീറ്റ് മെയിൻ വലിക്കൽ | 53/25-03-22 | 800000 | 0 | 800000 |
| ആകെ | | | 933183 | 0 | 933183 |

1-35 കമ്മിറ്റി തീരുമാനങ്ങളിലൻമേലുള്ള തുടർ നടപടി ശേഷിയ്ക്കുന്നത്-

ചുവടെ കൊടുത്തിരിയ്ക്കുന്ന കമ്മിറ്റി തീരുമാനങ്ങളിൻമേൽ സ്വീകരിച്ച തുടർനടപടികൾ വിശദമാക്കേണ്ടതാണ്.

| ക്രമ നം | കമ്മിറ്റി തീരുമാനം | അന്വേഷണകുറിപ്പിന് നൽകിയ മറുപടി | മറുപടിയിൻമേലുള്ള അഭിപ്രായം |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 3(1)/ 09-08-21- ആറാം വാർഡിലുള്ള വാറ്റുപുര ശ്മശാനം ഗ്യാസ് ക്രിമറ്റോറിയം ആക്കി ആധുനവൽക്കരിയ്ക്കുന്നതിന് - ജില്ലാ കളക്ടറോട് അനുമതി പുതുക്കി നൽകുന്നതിന് അഭ്യർത്ഥിച്ചു. | 11-09-21 ന് ബഹു.ജില്ലാ കളക്ടർക്ക് കത്ത് നൽകിയിട്ടുണ്ട് | അനുമതി ലഭ്യമാക്കി തുടർപ്രോജക്ടുകളിൽ ഉൾപ്പെടുത്തി പൂർത്തിയാക്കേണ്ടതാണ് |
| 2 | 4(3) ക്രമ നം 9/09-08-21- കേരള സംസ്ഥാന ജൈവവൈവിധ്യബോർഡിൽ നിന്നും ബയോ ഡൈവേഴ്സിറ്റി പാർക്ക് സ്ഥാപിയ്ക്കുന്നതിന് പഞ്ചായത്തിന് അനുവദിച്ചതും തനതുഫണ്ടിൽ നിക്ഷേപിച്ചതുമായ 5 ലക്ഷം രൂപ വകയിരുത്തി കടപ്പൂർ ഹയർ സെക്കന്ററി സ്കൂൾ പരിസരത്ത് ബയോ ഡൈവേഴ്സിറ്റി പാർക്ക് സ്ഥാപിയ്ക്കൽ എന്ന പുതിയ പദ്ധതി രൂപപ്പെടുത്തുന്നതിന് തീരുമാനിച്ചു. | കടപ്പൂർ ഹയർ സെക്കന്ററി സ്കൂൾ, ഉൾപ്രദേശത്ത് സ്ഥിതി ചെയ്യുന്നതിനാൽ ബയോ ഡൈവേഴ്സിറ്റി പാർക്ക് ശ്രദ്ധിക്കപ്പെടാതെ പോകുമെന്നതിനാൽ മറ്റൊരു സ്ഥലത്ത് സ്ഥാപിയ്ക്കാമെന്ന് നിർവ്വഹണ ഏജൻസിയായ PETARDS അറിയിച്ചതിനാൽ വാർഡ് 7 ൽ വെമ്പള്ളി ഭാഗത്ത് PWD വളവ് നികത്തിയ ഭാഗത്ത് ഉപയോഗശൂന്യമായി കിടക്കുന്ന സ്ഥലത്ത് പാർക്ക് നിർമ്മിയ്ക്കുന്നതിന് PWD റോഡ്സ് ഡിവിഷന്റെ അനുമതി ലഭ്യമാക്കി തൻവർഷം പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട് | തൻവർഷം പ്രോജക്ട് നടപ്പാക്കിയിട്ടില്ല. താമസംവിനാ പ്രോജക്ട് നടപ്പാക്കി സംസ്ഥാന ജൈവവൈവിധ്യബോർഡിൽ നിന്നും ലഭിച്ച തുക ചെലവഴിയ്ക്കേണ്ടതാണ് |
| 3 | 3(1)/13-12-21- ആറാം വാർഡിലെ വാറ്റുപുര ശ്മശാനം ആധുനികവൽക്കരിയ്ക്കുന്നതിനായി CFC വകയിരുത്തി മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി ലഭിയ്ക്കുന്നതിന് സ്ഥലം പഞ്ചായത്തിന്റെ ഉടമസ്ഥതയിലേയ്ക്ക് മാറ്റം ചെയ്യുന്നതിനായി 07-02-21 ൽ നൽകിയ അപേക്ഷയ്ക്ക് 09-02-21 ൽ ലഭിച്ച മറുപടിയിൽ ടി സ്ഥലം അളന്ന് തിരിച്ചതിൽ 13 ആർ 26 ച. സ്ഥലം നിലവിൽ കാണുന്നതായി രേഖപ്പെടുത്തി നൽകി. ടി സ്ഥലം പഞ്ചായത്തിന്റെ ഉടമസ്ഥതയിലേയ്ക്ക് പോക്കുവരവ് | 20.23 ആർ സ്ഥലം മറ്റ് അതിരുകളിൽ വ്യാപിച്ചു കിടക്കുന്നത് അളന്ന് തിട്ടപ്പെടുത്തി പഞ്ചായത്തിന് നൽകുന്നതിനുള്ള നടപടി സ്വീകരിയ്ക്കണമെന്ന് 17-12 21 ൽ ബഹു.ആർ ഡി ഒ യ്ക്ക് കത്ത് നൽകിയിട്ടുണ്ട് | അടിയന്തിരമായി തുടർനടപടികൾ സ്വീകരിച്ച് മുഴുവൻ സ്ഥലവും പഞ്ചായത്തിന്റെ ഉടമസ്ഥതയിലാക്കേണ്ടതാണ്. തുടർ നടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. |

| | | | |
|---|---|---|---|
| | ചെയ്ത നൽകുകയും എന്നാൽ പഞ്ചായത്ത് വിലയ്ക്ക് വാങ്ങിയ 20.23 ആർ സ്ഥലം മറ്റ് അതിരുകളിൽ വ്യാപിച്ച കിടക്കുന്നത് അളന്ന് തിട്ടപ്പെടുത്തി പഞ്ചായത്തിന് നൽകുന്നതിനുള്ള നടപടി സ്വീകരിയ്ക്കണമെന്ന് താലൂക്ക് സർവ്വേയർ മീനച്ചിലിനോട് അഭ്യർത്ഥിച്ച തീരുമാനിച്ചു. | | |

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ ലഭിച്ച തീയതി | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|---|
| 2021-22 | 14.09.2022 | 27.10.2022 |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് ഉഴവൂർ | 27.12.2021<br>17.02.2022<br>25.02.2022 | 129710<br>137258<br>93500 | 10/21-22, സമഗ്ര നെൽകൃഷി വികസനം | 360468 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 13.09.2021 | 3600 | 38/21-22, ലൈഫ് ഭവനപദ്ധതി | 3600 | 0 |

| | | | | | |
|---|---|---|---|---|---|
| ഉഴവൂർ | | | (പട്ടികവർഗ്ഗ വികസനം) ഘട്ടം 3 | | |
| ബ്ലോക്ക് പഞ്ചായത്ത് ഉഴവൂർ | 18.03.2022 | 92334 | 35/21-22, ലൈഫ് ഭവനപദ്ധതി (ജനറൽ) | 92334 | 0 |
| ബ്ലോക്ക് പഞ്ചായത്ത് ഉഴവൂർ | 04.10.2021<br>31.01.2022 | 200000<br>30000 | 32/21-22, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ബത്തയും | 230000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് ഉഴവൂർ | 04.10.2021<br>31.01.2022 | 58500<br>25000 | 142/21-22, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ബത്ത | 83500 | 0 |
| ബ്ലോക്ക് പഞ്ചായത്ത് ഉഴവൂർ | 18.12.2021 | 200000 | 46/21-22, ക്ഷീര സംഘങ്ങളിൽ പാലളക്കുന്നവർക്ക് സബ്സിഡി (വനിത) | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് ഉഴവൂർ | 25.01.2022<br>02.02.2022 | 21282<br>178718 | 45/21-22, ക്ഷീര സംഘങ്ങളിൽ പാലളക്കുന്നവർക്ക് സബ്സിഡി | 200000 | 0 |
| | ആകെ | 1169902 | | 1169902 | 0 |
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 15.03.2022 | 25000 | 181/21-22, കിഴങ്ങുവിള കൃഷി | 25000 | 0 |
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 04.10.2021 | 400000 | 32/21-22, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും | 400000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | ബത്തയും | | |
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 02.09.2021 | 359542 | 31/21-22, അനുപൂരക പോഷകാഹാര പരിപാടി | 359542 | 0 |
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 22.03.2022 | 100000 | 45/21-22, ക്ഷീര സംഘങ്ങളിൽ പാലളക്കുന്നവർക്ക് സബ്സിഡി | 100000 | 0 |
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 08.02.2022 | 1500000 | 119/21-22, ഹോമിയോ ആശുപത്രിക്ക് കെട്ടിട നിർമ്മാണം | 1500000* | 0 |
| | ആകെ | 2384542 | | 2384542 | 0 |

* 119/21-22, ഹോമിയോ ആശുപത്രിക്ക് കെട്ടിട നിർമ്മാണം പദ്ധതിക്കായി ലഭിച്ച ജില്ലാ പഞ്ചായത്ത് വിഹിതം 1500000/- രൂ ചെലവഴിച്ചത് ചെലവായി സുലേഖ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

## 4-3 നിക്ഷേപപ്രവൃത്തികൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഭൂഗർഭജലവകുപ്പ്, കോട്ടയം | 177/22കുഴൽക്കിണർ നിർമ്മാണം | 45/24-02-22 | 133183 | 0 | 133183 |
| അസി.എഞ്ചിനീയർ, കെഎസ് സി ബി ഇലക്ട്രിക്കൽ സെക്ഷൻ, നീണ്ടൂർ,ഏറ്റുമാനൂർ, കുറവിലങ്ങാട് | 205/22സ്ട്രീറ്റ് മെയിൻ വലിക്കൽ | 53/25-03-22 | 800000 | 0 | 800000 |
| ആകെ | | | 933183 | 0 | 933183 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിശദാംശങ്ങൾ

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ, | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ | തൻവർഷ വായ്പ തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ |
|---|---|---|---|---|---|

| | തീയതി | ബാക്കിയുണ്ടായിരുന്ന തുക | | | | ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് പദ്ധതി (കെ.യു.ആർ.ഡി. എഫ്.സി. ലോൺ) | ജി ഒ(എം.എസ്) 68/2018, 18.05.2018, ജി ഒ(എം.എസ്) 100/2018, 30.07.2018 | 4485005 | 4180000 | 1422667 | - | 7242338 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

സ്ഥിരനിക്ഷേപങ്ങളില്ല.

## 4-7 ഓഡിറ്റ് റിക്കവറി

തൻവർഷം ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2013-14 | 2-7 | 2013-14 | 5-3 | വികേന്ദ്രീകൃതാസൂത്രണവും വ്യവസായ/തൊഴിൽ സംരംഭങ്ങളും | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| 2014-15 | 2-4, 2-5, 2-6 | 2016-17 | അനുബന്ധം 3, 4, 5 | തൊഴിൽ നികുതി,വസ്തുനികുതി | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| 2019-20 | 1-27 | 2020-21 | അനുബന്ധം 2 | മെഡിക്കൽ ഓഫീസർ പി എച്ച് സി / സി എച്ച് സി പേയ്മെന്റ്സ് | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |

## 4-9 ചാർജ്ജ് സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം

ഈയിനത്തിൽ ഓഡിറ്റ് വർഷം തുകയൊന്നും വരവില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 10,28,60,682.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 8,11,11,739.00 |

| | | |
|---|---|---|
| വരവിനങ്ങളിലുള്ള നഷ്ടം(ചാർജ് ചെയ്യാവുന്നത്) | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക(സർചാർജ് ചെയ്യാവുന്നത്) | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1236529 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-25 | 75109 | ഡോ.ആൻ റോസ് ടോം (മെഡിക്കൽ ഓഫീസർ, ഹോമിയോ) |
| 1-28 | 59247 | ഗിരീഷ് കുമാർ കെ റ്റി, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 1-30 | 168990 | ബിന്ദു എസ്, അസിസ്റ്റന്റ് സെക്രട്ടറി |
| 1-34 | 933183 | എം എസ് ഷൈനി, സെക്രട്ടറി |
| ആകെ | 1236529 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം/ചട്ടങ്ങൾ പ്രകാരം ചാർജ്/സർചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന വ്യക്തമായ നഷ്ടം പ്രതിപാദിച്ചിട്ടില്ല.

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98ചെലവ് | നം.എൽ.എഫ്.കെ.പി.2/347/99/10.05.99 | 9 |
| 1998-99 ചെലവ് | നം.എൽ.എഫ്.കെ.പി.4/863/02/30.04.03 | 26 |
| 1996-97 വരവ് | നം.എൽ.എഫ്.കെ.പി.10/1416/07/29.11.08 | -- |
| 2002-03ചെലവ് | നം.കെഎസ്എകെടിഎം-പി4/(അദാ.2022)/817(6) /19.08.2022 | 01 |
| 2003-04 (ചെലവ്) | നം.കെഎസ്എകെടിഎം-പി4/(അദാ.2022)/817(7) /19.08.2022 | 10 |
| 2003-04 (ഡി.സി.ബി) | നം.കെഎസ്എകെടിഎംപി4(അദാ.2018)49(4A)18/31-3-18 | 5 |

| | | |
|---|---|---|
| 2004-05 | നം.കെഎസ്എകെടിഎം-പി4/(അദാ.2022)/817(8) /19.08.2022 | 4 |
| 2006-07 | നം.കെഎസ്എകെടിഎം-പി4/(അദാ.2022)/817(10) /19.08.2022 | 3 |
| 2007-08 | നം.കെഎസ്എകെടിഎം-പി4/(അദാ.2022)/817(11) /19.08.2022 | 3 |
| 2008-09 | നം.കെഎസ്എകെടിഎം-പി4/(അദാ.2022)/817(12) /19.08.2022 | 2 |
| 2010-11 | നം.കെഎസ്എകെടിഎം-പി4/(അദാ.2022)/817(14) /19.08.2022 | 3 |
| 2011-12 | നം.കെഎസ്എകെടിഎം-പി4/(അദാ.2022)/817(15) /19.08.2022 | 2 |
| 2012-13 | നം.കെഎസ്എകെടിഎം-പി4/(അദാ.2022)/817(16) /19.08.2022 | 6 |
| 2013-14 | നം.കെഎസ്എകെടിഎം-പി4/(അദാ.2022)/817(17) /19.08.2022 | 4 |
| 2014-15 | നം.കെഎസ്എകെടിഎം-പി4/(അദാ.2022)/100(1) /19.08.2022 | 8 |
| 2015-16 | നം.കെഎസ്എകെടിഎം-പി4/(അദാ.2022)/100(2) /19.08.2022 | 2 |
| 2016-17 | നം.കെഎസ്എകെടിഎം-പി4/(അദാ.2022)/100(3) /19.08.2022 | 13 |
| 2017-18 | കെ.എസ്.എ.കെ.ടി.എം.പി.2-172/2018(23)/07.03.2018 [സമാഹൃത റിപ്പോർട്ട് 2017-18 (ഇ-ഗവേണൻസും സോഫ്റ്റ്‌വെയറുകളും) സ്പെഷ്യൽ റിപ്പോർട്ട്] | 5 |
| 2017-18 | നം.കെഎസ്എകെടിഎം-പി4/(അദാ.2022)/100(4) /19.08.2022 | 09 |
| 2018-19 | നം.കെഎസ്എകെടിഎം-പി4/(അദാ.2022)/100(5) /19.08.2022 | 26 |
| 2019-20 | നം.കെഎസ്എ-കെടിഎം.പി4-420/2021 തീ 26.07.2021 | 13 |
| 2020-21 | നം.കെഎസ്എ-കെടിഎം.പി4-958/2022 തീ 17.05.22 | 49 |

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ കാണക്കാരി ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ കാണക്കാരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്